നം. **DDDKER/1095/2024-C1**

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:-11-12-2024

## സർക്കുലർ നം . 56 / 2024

വിഷയം:- ക്ഷീര വികസന വകുപ്പ് - ഡയറക്ടറേറ്റ് - സഹകരണം - പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) 26/02/2021 ലെ സ.ഉ.(അച്ചടി) നം. 11/2021/ഡി.ഡി നമ്പർ ഉത്തരവ്.
2) 10.05.2011 ലെ സ.ഉ.(കൈ) നം. 75/2011/സഹ.നമ്പർ ഉത്തരവ്.
3) 26.10.2024 ലെ സ.ഉ. (അച്ചടി ) നം 91 / 2024 / ധന നം. ഉത്തരവ്.
4) സ . ഉ (സാധാ) നം 580 / 2024 / Co Op ; തീയതി : 04.12.2024
5) സ . ഉ (സാധാ) നം 581 / 2024 / Co Op ; തീയതി : 05.12.2024
6) ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 16.03.2024 ലെ സർക്കുലർ നം 19/2024

പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ 01/01/2019 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചുകൊണ്ട് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് . സൂചന (2) ഉത്തരവ് പ്രകാരം പുതിയ നിരക്കിലുള്ള ക്ഷാമബത്ത കേരള സർക്കാർ ജീവനക്കാർക്ക് പ്രഖ്യാപിക്കുന്ന മുറയ്ക്ക് അതേ നിരക്കിൽ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും ക്ഷീരസഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവിൻ പ്രകാരം ലഭിക്കുന്നതിന് അർഹത ഉണ്ടെന്ന് പ്രതിപാദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് 01.07.2018 വരെ പ്രീ റിവൈസ്ഡ് സ്കെയിലിൽ ലയിപ്പിക്കാതെ ബാക്കി നിന്നിരുന്ന 6% ക്ഷാമബത്തയ്ക്ക് തുല്യമായി റിവൈസ്ഡ് സ്കെയിലിൽ 01.01.2019 മുതൽ 3% ക്ഷാമബത്തയും , 01.07.2019 മുതൽ സർക്കാർ അനുവദിച്ചിട്ടുള്ള 3% ക്ഷാമബത്തയും , 01.01.2020 മുതൽ 4% ക്ഷാമബത്തയും , 01.07.2020 മുതൽ 3% ക്ഷാമബത്തയും , **01.01.2021 മുതൽ 2% ക്ഷാമബത്തയും** ചേർത്ത് ആകെ **15% ക്ഷാമബത്ത** പുതിയ സ്കെയിലിൽ അനുവദിച്ച നൽകിയിട്ടുള്ളതാണ് **. തുടർന്ന് സൂചന (4), (5) പ്രകാരം 01.07.2021 മുതൽ** സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ

ജീവനക്കാരുടെ **ക്ഷാമബത്ത 3% വർദ്ധനവ്** വരുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും പ്രസ്തുത 3% ക്ഷാമബത്ത വർദ്ധനവ് 01/07/2021 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചുകൊണ്ടും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, വാർഷിക വ്യാപാര ലാഭത്തിന്റെ **80% ൽ** അധികരിക്കുന്നില്ല എന്ന് ഉറപ്പാക്കിക്കൊണ്ടും അതാത് സംഘം ഭരണസമിതി ക്ഷാമബത്ത അനുവദിച്ചു നൽകേണ്ടതാണ്.

Signed by
Salini Gopinath
Date: 11-12-2024 17:18:31

**ക്ഷീര സഹകരണ സംഘം രജിസ്ട്രാർ / ഡയറക്ടർ**

**എല്ലാ ക്ഷീര സഹകരണ സംഘങ്ങൾക്കും**
**( ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം )**

പകർപ്പ്:-
1) ജോയിന്റ് ഡയറക്ടർ (ജനറൽ)
2) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)
3) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4) എല്ലാ ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും
5) എല്ലാ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർക്കും
6) എല്ലാ ക്ഷീര വികസന ഓഫീസർമാർക്കും (ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
7) ക്ഷീര വികസന ഓഫീസർ ( ഐ റ്റി സെൽ )-വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
8) ഡയറക്ടറുടെ മേശപ്പുറത്ത്
9) സി , ജി സെക്ഷൻ സൂപ്രണ്ട്